# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3828
(21.06.2019-ലെ മറുപടിക്ക്)

## പയ്യന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| പയ്യന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി ഏതു വരെയായെന്ന് വിശദമാക്കാമോ? | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പയ്യന്നൂർ സബ്ട്രഷറിക്ക് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് 24.05.2018-ലെ സ.ഉ.(സാധാ) നം. 4469/2018/ധന, 12.07.2018-ലെ സ.ഉ.(സാധാ) നം. 5944/2018/ധന എന്നീ ഉത്തരവുകൾ പ്രകാരം 2,53,21,980/- രൂപയുടെ ഭരണാനുമതിയും, 31.01.2019 തീയതിയിലെ സ.ഉ.(സാധാ) നം. 757/2019/ധന ഉത്തരവ് പ്രകാരം 1,82,70,000/- രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്ത് നിന്നും മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. മരങ്ങൾ മുറിച്ചു മാറ്റിയാൽ ഉടൻ തന്നെ പയ്യന്നൂർ സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ